LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം

5 (2761) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം ചുഴലിക്കാറ്റിൽ തകർന്ന് വീണത് പുനർനിർമ്മിക്കാൻ ഫണ്ട് അനുവദിക്കുന്നതും (റവന്യൂ വകുപ്പിലെ 33591/കെ1/2003/റവന്യൂ നമ്പർ ഫയൽ) പ്രകൃതി ക്ഷോഭത്തിൽ കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതും (റവന്യൂ വകുപ്പിലെ 33589/കെ1/2003/റവന്യൂ നമ്പർ ഫയൽ) സംബന്ധിച്ച നിവേദനങ്ങളിൻമേൽ എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത് എന്നറിയിക്കാമോ ?

ഉത്തരം

റവന്യൂ വകുപ്പിന്റെ 33591/കെ1/2003/റവന്യൂ (33593/കെ1/2003/റവന്യൂ തെറ്റായ നമ്പർ) 33589/കെ1/2003/റവന്യൂ നമ്പർ ഫയലുകളിൽ തത്സമയം തന്നെ കാസർഗോഡ് ജില്ലാകളക്ടർക്ക് അടിയന്തിര റിപ്പോർട്ടിനായി നിവേദനത്തിന്റെ പകർപ്പുകളും, എം. എൽ. എ. - യുടെ കത്തിന്റെ പകർപ്പും അയച്ചു കൊടുത്തിരുന്നു. ഈ വിവരം യഥാസമയം എം.എൽ.എ-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 33589/കെ1/2003/റവന്യൂ. നമ്പർ ഫയലിലെ നിവേദനം സംബന്ധിച്ച് ജില്ലാകളക്ടർ അടിയന്തിര നടപടികൾക്കായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും, അനുവദനീയമായ തുക നിർദ്ദേശിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 33591/കെ1/2003/റവന്യൂ ഫയലിൽ കളക്ടറുടെ അന്തിമ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല.

കാസർഗോഡ് ജില്ലയിലെ ആദിവാസി കോളനിയിൽ സൗജന്യറേഷൻ

6 (2762) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷം തുടങ്ങിയതിൽപ്പിന്നെ കാസർഗോഡ് ജില്ലയിലെ പട്ടികജാതി ആദിവാസി കോളനികളിലും മത്സ്യത്തൊഴിലാളി മേഖലയിലും പട്ടിണിയും രോഗവും പെരുകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൊഴിലില്ലായ്മയും പട്ടിണിയും, രോഗവുംകൊണ്ട് കഷ്ടപ്പെടുന്ന പ്രസ്തുത മേഖലകളിലെ ജനങ്ങൾക്ക് സൗജന്യറേഷൻ അനുവദിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മത്സ്യത്തൊഴിലാളി മേഖലയിൽ ഇപ്പോൾ ആവശ്യമില്ല. ആദിവാസി കോളനികളിൽ മൺസൂൺ കാലത്ത് തൊഴിലില്ലായ്മയും പട്ടിണിയും നിയന്ത്രിക്കുവാൻ 'ഫുഡ് ഫോർ വർക്ക്' 'ഫുഡ് സപ്പോർട്ട് പ്രോഗ്രാം' മുതലായ പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്.